കേരള സർക്കാർ

നം.3055/ഡി.എ3/2011/തസ്വഭവ

തദ്ദേശസ്വയംഭരണ(ഡിഎ)വകുപ്പ്,
തിരുവനന്തപുരം,തീയതി :15.09.11.

## സർക്കുലർ

വിഷയം:—തസ്വഭവ- തെരുവുവിളക്കുകളുടെ പരിപാലനം (റിപ്പയറും മെയിന്റനൻസും) - ടെൻഡറിങ്ങിലൂടെ നടപ്പിലാക്കുന്നത് - സംബന്ധിച്ച്.

തെരുവുവിളക്കുകളുടെ റിപ്പയറും മെയിന്റനൻസും കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന്റെ മേൽ നോട്ടത്തിലും കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് നിശ്ചയിക്കുന്ന നിരക്കിലുമാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടത്തിവരുന്നത്. എന്നാൽ ഇത് വളരെയധികം കാലതാമസത്തിനും പൊതുജനങ്ങളിൽ നിന്നുമുള്ള പരാതികൾക്കും കാരണമാകുന്നുവെന്ന് നിരവധി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സർക്കാരിനെ അറിയിച്ചിട്ടുണ്ട്. ഇത്തരത്തിലുള്ള കാലതാമസവും അസൗകര്യങ്ങളും പരിഹരിക്കുന്നതിനായി കൂടുതൽ ഉദാരമായ സമീപനം സ്വീകരിക്കുവാൻ സർക്കാർ തീരുമാനിച്ചിരിക്കുന്നു.

ഈ സാഹചര്യത്തിൽ, എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും അവരുടെ പരിധിയിലുള്ള തെരുവുവിളക്കുകളുടെ റിപ്പയറിംഗും മെയിന്റനൻസും സംബന്ധിച്ച പ്രവൃത്തികൾ നിലവിലുള്ള സ്റ്റോർ പർച്ചേസ് നിയമങ്ങൾ ബാധകമാക്കി കൊണ്ട് ടെൻഡറിങ്ങ് സംവിധാനം വഴി ആന്വൽ മെയിന്റനൻസ് കോൺട്രാക്ടിലൂടെ കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ഒഴികെയുള്ള മറ്റ് ഏജൻസികൾക്ക് നൽകാവുന്നതാണ്. ടി പ്രവൃത്തികൾക്ക് ഉപയോഗിക്കുന്ന സാമഗ്രികൾ ഐ.എസ്.ഐ നിലവാരത്തിലുള്ളതും ഇവയുടെ നിരക്ക് കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന്റെ നിരക്കിനേക്കാൾ അധികരിക്കാൻ പാടില്ലാത്തതുമാകുന്നു.

പൊതു വിവരണം

എ). ഈ സാഹചര്യത്തിൽ, എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും അവരുടെ പരിധിയിലുള്ള തെരുവുവിളക്കുകളുടെ റിപ്പയറിംഗും മെയിന്റനൻസും സംബന്ധിച്ച പ്രവൃത്തികൾ ആന്വൽ മെയിന്റനൻസ് കോൺട്രാക്ട് മുഖേന നിലവിലുള്ള സ്റ്റോർ പർച്ചേസ് നിയമങ്ങൾ ബാധകമാക്കി കൊണ്ട് ടെൻഡറിങ്ങ് സംവിധാനം വഴി കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ഒഴികെയുള്ള മറ്റ് ഏജൻസികൾക്ക് നൽകാവുന്നതാണ്.

ബി) കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് സ്ഥാപിച്ച ഇലക്ട്രിക് പോസ്റ്റുകളിലെ തെരുവുവിളക്കുകളുടെയും അല്ലാതെയുള്ള തെരുവു വിളക്കുകളുടെയും പരിപാലനത്തിനായി അംഗീകൃത കരാറുകാർക്ക് മാത്രം ആന്വൽ മെയിന്റനൻസ് കോൺട്രാക്ട് നൽകുകയും ഇവയുടെ കറന്റ് ചാർജ് സംയുക്തമായോ കരാറിലെ

വ്യവസ്ഥകൾക്ക് അടിസ്ഥാനത്തിലോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കണ്ടെത്തേണ്ടതാണ്.

സി). കരാറുകാർക്ക് തദ്ദേശസ്വയംഭരണ സ്ഥാപനവുമായി നിലവിലുള്ള നിയമങ്ങൾക്ക് അടിസ്ഥാനമാക്കി കരാറിൽ ഏർപ്പെടാവുന്നതാണ്. ടി കരാറിന്റെ അസ്സൽ അതാത് തദ്ദേശസ്വയംഭരണ വകുപ്പ് സ്ഥാപനത്തിന്റെ സെക്രട്ടറിയുടെ സേഫ് കസ്റ്റഡിയിലും സാക്ഷ്യപ്പെടുത്തിയ പകർപ്പ് കരാറുകാരനും സൂക്ഷിക്കേണ്ടതാണ്.

ഡി). പൊതുജനങ്ങൾക്കുള്ള ബുദ്ധിമുട്ടുകൾ ഒഴിവാക്കുന്നതിനായി അറ്റകുറ്റപ്പണികൾ (റിപ്പയറും മെയിന്റനൻസും) എല്ലാ ആഴ്ചയിലും ബുധനാഴ്ച ദിവസങ്ങളിൽ മാത്രം നിജപ്പെടുത്തേണ്ടതാണ്. ഏതെങ്കിലും കാരണവശാൽ ഒരു ജോലി ബുധനാഴ്ച ദിവസം തീർക്കാൻ കഴിഞ്ഞില്ലായെങ്കിൽ ശേഷിക്കുന്ന ജോലി അതേ ആഴ്ചയിലെ തന്നെ ശനിയാഴ്ച ദിവസം നടത്താവുന്നതാണ്. തെരുവു വിളക്കുകളുടെ റിപ്പയറും മെയിന്റനൻസും സംബന്ധിച്ച പ്രവൃത്തികൾ രാവിലെ 10 മണി മുതൽ ഉച്ചക്ക് 2 മണി വരെയായിരിക്കും. ടി പരിപാലന ത്തിനായി വൈദ്യുതി വിതരണത്തിൽ തടസ്സം നേരിടുന്ന വിവരം അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കൃത്യമായ ഇടവേളകളിൽ മാധ്യമങ്ങൾ വഴി പൊതുജനങ്ങളെ അറിയിക്കേണ്ടതാണ്. ഇത് നിർവ്വഹണ നിയന്ത്രണ മാനദണ്ഡങ്ങളുടെ നിയമപരമായ ഒരു ആവശ്യകത കൂടിയാണ്.

ഇ). കരാറുകാരന് ബന്ധപ്പെട്ട ഇലക്ട്രിക്കൽ സെക്ഷനിലെ അസിസ്റ്റന്റ് എഞ്ചിനിയറുടെ അംഗീകാരത്തോടെ തെരുവു വിളക്കുകളുടെ പരിപാലനം സംബന്ധിച്ച ജോലികൾ നടത്താവുന്നതാണ് എന്നാൽ ഇത് കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് നിർവഹിക്കുന്ന മറ്റ് ജോലികൾക്ക് തടസ്സമുണ്ടാകാത്ത വിധത്തിലും കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ജീവനക്കാരുടെ മേൽനോട്ടത്തിലും നിർവഹിക്കേണ്ടതാണ്. ബന്ധപ്പെട്ട കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ജീവനക്കാർ ശരിയായ രീതിയിൽ വൈദ്യുതി കണക്ഷൻ വിച്ഛേദിക്കുകയും എർത്തിംഗ് നടത്തുകയും ചെയ്തതിനു ശേഷമേ കരാറുകാരൻ റിപ്പയർ പണികൾ നടത്താൻ പാടുള്ളൂ. കരാറുകാരന് ഏതെങ്കിലും വിധത്തിലുള്ള കാലതാമസമോ ബുദ്ധിമുട്ടുകളോ ഉണ്ടാകുകയാണെങ്കിൽ ആയതിന് തദ്ദേശസ്വയംഭരണ വകുപ്പോ കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡോ ഉത്തരവാദിയായിരിക്കുകയില്ല.

എഫ്). യാതൊരു വിധ ഗതാഗത തടസ്സവും വരുത്താതെ ട്രാഫിക് പോലീസുമായും കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡുമായും സഹകരിച്ചു കൊണ്ട് കരാറിലെ വ്യവസ്ഥകൾക്കനുസൃതമായി കരാറുകാരന് തെരുവു വിളക്കുകളുമായി ബന്ധപ്പെട്ട എല്ലാ ജോലികളും നടത്താവുന്നതാണ്. തെരുവു വിളക്കുകളുടെ സ്പെയർ പാർട്ടുകൾ മാറ്റിവക്കുന്നതിലോ കരാറിൽ ഉൾപ്പെടുന്ന മറ്റ് ജോലികൾ നടത്തുന്ന കാര്യത്തിലോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് യാതൊരു പങ്കും ഉണ്ടായിരിക്കുന്നതല്ല.

ജി). കരാർ പ്രകാരമുള്ള ജോലി നടക്കുന്ന സമയത്ത് തൊഴിലാളിക്ക് ഏതെങ്കിലും വിധത്തിലുള്ള അപകടങ്ങൾ ഉണ്ടായാൽ വർക്ക്മെൻസ് കോമ്പൻസേഷൻ ആക്ട് പ്രകാരം തൊഴിലാളിക്ക് നഷ്ടപരിഹാരം നൽകാൻ തദ്ദേശസ്വയംഭരണ വകുപ്പോ കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡോ ബാധ്യസ്ഥരല്ല.

എച്ച്). കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന്റെ അംഗീകാരമില്ലാതെ കരാറുകാരനോ തദ്ദേശസ്വയംഭരണ സ്ഥാപനമോ പുതുതായോ/ സ്ഥിരമായോ തെരുവുവിളക്കനുബന്ധിത വസ്തുക്കൾ സ്ഥാപിക്കുവാൻ പാടുള്ളതല്ല.

ഐ). കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന്റെ വിതരണ ശൃംഖലയുമായി ബന്ധപ്പെട്ട ഇലക്ട്രിക് പോളുകളിൽ, പരസ്യബോർഡുകൾ/ ഹോർഡിങ്ങ്സ്/പോസ്റ്ററുകൾ എന്നിവ പ്രദർശിപ്പിക്കുവാൻ അനുവദിക്കുന്നതല്ല.

ജെ). അതിവിശിഷ്ട വ്യക്തികളുടെ സന്ദർശന വേളകളിലോ സംസ്ഥാനത്തിന്റെ മറ്റ് അടിയന്തിര ഘട്ടങ്ങളിലോ തെരുവുവിളക്കുകളുടെ സ്വിച്ച് ഓഫ് കെ.എസ്.ഇ.ബി. അധികാരികളുടെ നിർദ്ദേശപ്രകാരമായിരിക്കും നടത്തുക. ഇതു സംബന്ധിച്ച് മുൻകൂട്ടിയുള്ള അറിയിപ്പ് കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് കരാറുകാരനോ തസ്വഭവ സ്ഥാപനത്തിനോ നൽകേണ്ടതാണ്.

കെ). തദ്ദേശസ്വയംഭരണ സ്ഥാപനം/സർക്കാർ/കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് എന്നിവയുടെ അവകാശത്തിലും ഉടമസ്ഥതയിലുമിരിക്കുന്ന ധനം / വസ്തുവകകൾ എന്നിവയിൻമേൽ കരാറുകാരന് മറ്റു അധികാരമോ അവകാശമോ ഉണ്ടായിരിക്കുന്നതല്ല.

എൽ). ഈ കരാറുമായി ബന്ധപ്പെട്ട എല്ലാ വ്യവഹാരങ്ങളും ബന്ധപ്പെട്ട സിവിൽ കോടതികളിലും തിരുവനന്തപുരത്ത് പ്രവർത്തിക്കുന്ന തസ്വഭവ സ്ഥാപനങ്ങൾക്കായുള്ള ട്രിബ്യൂണലിലും മാത്രമേ നടത്തുവാൻ പാടുള്ളൂ.

2. ടെൻഡറിങ്ങിനുള്ള മാർഗ്ഗ രേഖകൾ

എ) തെരുവു വിളക്കുകളുടെ മെയിന്റനൻസും സ്ഥാപിക്കലും പോലെ തന്നെ അവയുടെ മീറ്ററിംഗ് & കൺട്രോൾ കിയോസ്ക്, പ്രകാശിപ്പിക്കൽ, വിളക്കുകൾ, ഹോൾഡറുകൾ, ചോക്ക്സ്, സ്റ്റാർട്ടറുകൾ, ബ്രാക്കറ്റുകൾ, എൻക്ലോഷർ, മീറ്ററിംഗ് വ്യവസ്ഥ, ടൈമർ മെക്കാനിസം, റിലേകൾ, കോൺടാക്ടേഴ്സ്, കൺട്രോൾ സ്വിച്ചുകൾ, MCBs, ഫ്യൂസുകൾ, കണക്ടിംഗ് വയറുകൾ, ക്ലാമ്പ്സ് കൺഡ്യൂട്ട്സ് തുടങ്ങി തെരുവു വിളക്കു സമ്പ്രദായത്തിനാവശ്യമായി വരുന്ന എല്ലാ അനുബന്ധോപാധികൾക്കും നിയമാനുസൃതമായ ഇലക്ട്രിക്കൽ കോൺടാക്ടേഴ്സ് ലൈസൻസുള്ള അംഗീകൃത കരാറുകാരിൽ നിന്നും ടെൻഡർ ക്ഷണിക്കാവുന്നതാണ്.

ബി) തെരുവു വിളക്ക് അനുബന്ധിത വസ്തുക്കൾ, അവയുടെ മീറ്റർ ഘടിപ്പിക്കൽ, ഉറപ്പിക്കപ്പെടുന്ന വസ്തുക്കളുടെ മാതൃക; എന്നു വച്ചാൽ സോഡിയം വേപ്പർ ലാമ്പ്, മെർക്കുറി വേപ്പർ ലാമ്പ്, 1X40 വാട്ട് ഫ്ലൂറസെന്റ് ട്യൂബ്, 2X40 വാട്ട് ഫ്ലൂറസെന്റ് ട്യൂബ്, സി.എഫ്.എൽ, ഇൻകാൻഡസന്റ് ബൾബുകൾ, ലൈറ്റ് ഉറപ്പിക്കുന്ന സാധാരണ പോൾ, സ്പെഷ്യൽ പോളുകൾ, ഹൈമാസ്റ്റ് സ്ട്രച്ചറുകൾ മുതലായവ സ്ഥാപിക്കാനുദ്ദേശിക്കുന്ന പ്രദേശം തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെയും കെ.എസ്.ഇ.ബി. യിലേയും അധികാരികൾ സംയുക്ത പരിശോധന നടത്തുകയും ഇവ സംബന്ധിച്ച് ടെൻഡർ രേഖകളിൽ വ്യക്തമായി പരാമർശിച്ചിരിക്കേണ്ടതുമാണ്.

സി) കരാർ രേഖകളിൽ സൂചിപ്പിക്കുന്ന തെരുവുവിളക്കുകളുടെ അറ്റകുറ്റപ്പണികളുടെ 36 മാസത്തേക്കുള്ള നഷ്ടപരിഹാരം സംബന്ധിച്ച വിവരങ്ങൾ കരാറുകാരൻ ത്രൈമാസികമായി രേഖപ്പെടുത്തിയിരിക്കണം. ഇപ്രകാരം സൂചിപ്പിച്ച നിരക്കിൽ തെരുവുവിളക്കുകളുടെ സ്പെയർ പാർട്ടുകൾക്കും തൊഴിൽക്കൂലിക്കും ആവശ്യമായ തുക കൂടി വകയിരുത്തിയിരിക്കണം. സ്പെയർ പാർട്ടുകൾ വാങ്ങുമ്പോൾ ഉണ്ടാകുന്നതുൾപ്പെടെയുള്ള നികുതികളും ലെവികളും അവയുടെ ശരിയായ തെളിവുകൾ ഹാജരാക്കിയാൽ അതതു തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ടി തുക റീ ഇമ്പേഴ്സ് ചെയ്തു നൽകേണ്ടതാണ്.

ഡി) കരാറുകാരൻ/സൂപ്പർവൈസറി ലൈസൻസുള്ള കരാറുകാരൻ/സൂപ്പർവൈസർ /ഇത്തരം ജോലികൾ ഏർപ്പാടാക്കി നൽകുന്ന ഏജൻസികളിൽ പ്രവർത്തിച്ചയാൾ എന്നിങ്ങനെ സമാന ജോലികളിലുള്ള മുൻപരിചയ സർട്ടിഫിക്കറ്റിന്റെ പകർപ്പുകൾ കരാർ സമർപ്പിക്കുന്ന ആൾ ഹാജരാക്കേണ്ടതാണ്.

ഇ) കരാർ ലഭിക്കുന്നയാൾ ആകെ കരാർ തുകയുടെ പത്തു ശതമാനം സെക്യൂരിറ്റി ഡിപ്പോസിറ്റ് ആയി നൽകേണ്ടതാണ്. കരാറുകാരന്റെ അപാകതകൾ മൂലം തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്കെതിരായി ഉണ്ടാകാവുന്ന കോടതി ഉത്തരവിലൂടെ വന്നു ചേരുന്ന ക്ലെയിമുകൾ, ഇൻഷറൻസ് ക്ലെയിമുകൾ, കരാറിലെ വ്യവസ്ഥകളിൽ ലംഘിക്കുന്നതുമൂലം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയോ, സർക്കാരിന്റെയോ കെഎസ്ഇബിയുടെയോ വസ്തു വകകൾക്കുണ്ടാകുന്ന തകരാറുകൾ / നഷ്ടങ്ങൾ, തെരുവുവിളക്കുകൾ കത്തിക്കുന്നതുമായി ബന്ധപ്പെട്ട താമസം മൂലം ഉളവാകുന്ന പിഴകൾ തുടങ്ങിയവയ്ക്കുള്ള തുക സെക്യൂരിറ്റി ഡിപ്പോസിറ്റിൽ നിന്നും വസൂലാക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അധികാരം ഉണ്ടായിരിക്കുന്നതാണ്. കരാർ കാലാവധി പൂർത്തിയാകുന്ന മുറയ്ക്കോ കരാർ വിജയകരമായി പൂർത്തിയാകുന്ന മുറയ്ക്കോ പ്രസ്തുത സെക്യൂരിറ്റി ഡിപ്പോസിറ്റ് തുക പലിശയില്ലാതെ ക്ലെയിമുകൾ ഉണ്ടെങ്കിൽ ആയതിനുള്ള തുക കിഴിച്ചതിനുശേഷം ബാക്കി കരാറുകാരന് മടക്കി നൽകേണ്ടതാണ്.

എഫ്) ആന്വൽ മെയിന്റനൻസ് കോൺട്രാക്ട് പ്രകാരമുള്ള ആനുപാതിക തുക കരാറിലെ വ്യവസ്ഥകൾ നിറവേറ്റുന്ന മുറയ്ക്ക് മൂന്നുമാസം കൂടുമ്പോൾ അടക്കേണ്ടതാണ്.

ജി) ഏ.എം.സി കരാറിലെ വ്യവസ്ഥകൾക്കനുസൃതമായി സ്ഥാപിക്കപ്പെടുന്ന എല്ലാ സംഗതികളും പ്രവർത്തന നിരതമാണോയെന്ന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അധികാരികളും കരാറുകാരനും ഉറപ്പുവരുത്തേണ്ടതും ഇതു സംബന്ധിച്ച് സ്ഥാപനത്തിന്റെയും കെഎസ്ഇബിയുടെയും ബന്ധപ്പെട്ട അധികാരികളും കരാറുകാരനും കരാറിന്റെ പ്രാരംഭഘട്ടം മുതൽ സംയുക്ത പരിശോധന നടത്തേണ്ടതുമാണ്. സംയുക്ത പരിശോധനയിൽ കണ്ടെത്തുന്ന പ്രവർത്തനരഹിതമായ യൂണിറ്റുകൾ, തദ്ദേശസ്വയംഭരണ / കെ.എസ്.ഇ.ബിയുടെ മെറ്റീരിയൽസും തൊഴിൽ കൂലിയും ഉപയോഗിച്ച് റിപ്പയർ ചെയ്യേണ്ടതാണ്.

കരാറുകാരന്റെ ബാധ്യതകളും അവകാശങ്ങളും

എ) തെരുവുവിളക്കുകളുടെ സ്ഥാപിക്കലും അറ്റകുറ്റപണികളും പോലെതന്നെ സ്പെയർ പാർട്ടുകളുടെ വിതരണമുൾപ്പെടെ മീറ്ററിംഗ് & കൺട്രോൾ കിയോസ്കിന്റെയും ഉത്തരവാദിത്വം കരാറുകാരനാണ്. തെരുവുവിളക്കുകൾ, പ്രകാശിപ്പിക്കൽ, ഹോൾഡറുകൾ, ചോക്കുകൾ, സ്റ്റാട്ടറുകൾ, ബ്രാക്കറ്റുകൾ, എൻക്ലോഷർ, ടൈമർമെക്കാനിസം, റിലേകൾ, കോൺടാക്ടറുകൾ, കൺട്രോൾ സ്വിച്ചുകൾ, MCBs, ഫ്യൂസുകൾ, കണക്ടിംഗ് വയറുകൾ, ക്ലാമ്പ് കൺഡ്യൂട്സ് തുടങ്ങി തെരുവുവിളക്കു സമ്പ്രദായത്തിനാവശ്യമായി വരുന്ന എല്ലാ അനുബന്ധോപധികളും കരാറുകാരന്റെ ജോലിയിൽ ഉൾപ്പെടുന്നതാണ്.

കെഎസ്ഇബിയുടെതല്ലാതെയുള്ള പോളുകളിൽ സ്ഥാപിച്ചിരിക്കുന്ന തെരുവുവിളക്കുകളുടെയും ഭൂമിക്കടിയിലും മുകളിലുമായി സ്ഥാപിക്കപ്പെട്ടിരിക്കുന്നവയു -ടെയും മെയിന്റനൻസ് കരാറുകാരന്റെ പ്രവർത്തന മേഖലയിൽപ്പെടുന്നതാണ്. കറന്റ് സപ്ലൈയുടെ തുടക്കം മുതൽ ഇത് കരാറുകാറന്റെ ബാധ്യതയിൽപ്പെടുന്നതാണ്. തെരുവുവിളക്കുളുടെ മെയിന്റനൻസിനും സ്ഥാപിക്കലിനും ആവശ്യമായ പ്രവർത്തനക്ഷമമായ എല്ലാ സ്പെയർപാർട്ടുകളും അഡീഷണൽ തുക കൂടാതെ തന്നെ കരാറുകാരൻ നൽകേണ്ടതും കെഎസ്ഇബി അധികൃതരുടെ മേൽ നോട്ടത്തിൽ ഇതു സംബന്ധിച്ച ജോലികൾ നടത്തേണ്ടതുമാണ്. ഈ ജോലികൾക്ക് വിതരണം ചെയ്യപ്പെടുന്ന സ്പെയർപാർട്ടുകളും മറ്റ് മെറ്റീരിയലുകളും അംഗീകൃത വെൻഡർ മാർ/ഉല്പാദകരിൽ നിന്നുമുള്ളതും ബ്യൂറോ ഓഫ് ഇൻഡ്യൻ സ്റ്റാൻഡേർസിന്റെ വിശിഷ്ടീകരണം ഉറപ്പാക്കിയിട്ടുള്ളതുമായിരിക്കണം.

കുറിപ്പ്:- സോഡിയം വേപ്പർ ലാമ്പുകൾ, മെർക്കുറി വേപ്പർ ലാമ്പുകൾ എന്നിവ്വാവശ്യമായ പ്രത്യേക അനുബന്ധിത വസ്തുക്കൾ വളരെ കുറവായി മാത്രം ഉപയോഗിക്കപ്പെടുന്ന പ്രദേശങ്ങളിൽ ഇവയുടെ റിപ്പയറിംഗ്, കരാറുകാരന് കൂടുതൽ ബുദ്ധിമുട്ടുള്ളവാക്കുമെന്നതിനാൽ ടി ജോലികൾ സംബന്ധിച്ച ജോലിക്കൂലി അവകാശപ്പെടാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കരാറുകാരനെ അനുവദിക്കേണ്ടതാണ്. ഇത്തരം അനുബന്ധിത വസ്തുക്കളുടെ സ്പെയർ പാർട്ടുകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തന്നെ വിതരണം ചെയ്യുകയോ ഇവയുടെ വില റീ ഇംബേഴ്സ് ചെയ്തു നൽകുകയോ ആയിരിക്കും ഏറ്റവും ഉത്തമം.

ബി) കരാർ വ്യവസ്ഥകളിൽ ഉൾപ്പെടുന്ന തെരുവുവിളക്കുകളുടെ പരിപാലനം കരാറുകാരൻ തന്നെ ചെയ്യേണ്ടതും ഏതെങ്കിലും തെരുവുവിളക്കുകൾ കത്താതിരുന്നാൽ ആയത് പരിഹരിച്ച് അടുത്ത അറ്റകുറ്റ പണികളുടെ ദിനത്തിൽത്തന്നെ പുനഃസ്ഥാപിക്കേണ്ടതുമാണ്. ഈ ജോലികൾക്ക് കരാറിലെ വ്യവസ്ഥ പ്രകാരമുള്ള കെഎസ്ഇബിയുടെ സഹകരണവും ക്ലിയറൻസും നേടിയിരിക്കണം.

സി) തെരുവുവിളക്കുകളുടെ സ്ഥാപിക്കലും റിപ്പയറും മെയിന്റനൻസും സംബന്ധിച്ച എല്ലാ ജോലികളും ചെയ്യുമ്പോൾ അത്യാവശ്യമായ സുരക്ഷാ നടപടികൾ കരാറുകാരൻതന്നെ കൈക്കൊള്ളേണ്ടതാണ്.

ഡി) ലൈസൻസുള്ള ഇലക്ട്രിക്കൽ സൂപ്പർ വൈസർറുടെ മേൽനോട്ടത്തിൽ യോഗ്യതയും വൈദഗ്ദ്ധ്യവും ഉള്ള ആളുകളെ കൊണ്ടുമാത്രമേ കരാറുകാരൻ വർക്കുകൾ ചെയ്യിപ്പിക്കാൻ പാടുള്ളൂ.

ഇ) തെരുവുവിളക്കുകളുടെ സ്ഥാപിക്കലുമായി ബന്ധപ്പെട്ട പരാതികൾ രജിസ്റ്റർ ചെയ്യുന്നതിനായി ബന്ധപ്പെടേണ്ട വ്യക്തികളുടെ ഫോൺ നമ്പർ കരാറുകാരൻ പ്രസിദ്ധപ്പെടുത്തേണ്ടതാണ്. ഇപ്രകാരം ലഭ്യമാകുന്ന പരാതികളുടെ സമയം, തീയതി, പരാതിക്കാരന്റെ പേര്, പരാതിയുടെ വിവരണം(പോസ്റ്റ് നമ്പർ ഉൾപ്പെടെ) എന്നിവ സംബന്ധിച്ച രജിസ്റ്റർ കരാറുകാരൻ തയ്യാറാക്കേണ്ടതും ഇതേ രജിസ്റ്ററുകൾ അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയോ, കെഎസ്ഇബി യുടെയൊ ഓഫീസുകളിൽ സൂക്ഷിക്കേണ്ടതുമാണ്. കരാറുകാരൻ എല്ലാ ദിവസവും പരാതി രജിസ്റ്റർ പരിശോധിക്കേണ്ടതും കരാർ വ്യവസ്ഥകൾക്കനുസൃതമായി പരിഹരിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതും ഇതു സംബന്ധിച്ച വിവരണങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതുമാണ്.

എഫ്) കെഎസ്ഇബിയുടെ സമ്മതപത്രം കൂടാതെ തെരുവുവിളക്കു സ്ഥാപിച്ചിരിക്കുന്ന പോസ്റ്റോ, തെരുവുവിളക്കോ അനുബന്ധിത വസ്തുക്കളോ നിലവിലുള്ള ലൊക്കേഷനിൽ നിന്നും മാറ്റി സ്ഥാപിക്കുവാനോ ഇവയുടെ രൂപത്തിൽ മാറ്റം വരുത്തുവാനോ പാടുള്ളതല്ല.

ജി) അപകടങ്ങൾ / പ്രകൃതിക്ഷോഭങ്ങൾ / മറ്റേതെങ്കിലും കാരണങ്ങൾ എന്നിവ വഴി ഇലക്ട്രിക് പോസ്റ്റോ തെരുവുവിളക്കുകളോ തകരാറിലാവുകയാണെങ്കിൽ കൂടുതൽ തകരാറുകൾ ഒഴിവാക്കുന്നതിനായി കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് അധികാരികളുടെ അനുമതിയോടെ ഇവയെ എത്രയും പെട്ടെന്ന് സംഭവ സ്ഥലത്തു നിന്നും നീക്കം ചെയ്യുകയും ഇവ റിപ്പയർ ചെയ്ത് പുനഃസ്ഥാപിക്കുവാൻ ശ്രമിക്കുകയും വേണം.

എച്ച്) മനപൂർവ്വമായ കാരണങ്ങളാൽ ഏതൊരാളും ടി ഇലക്ട്രിക്കൽ ഫിറ്റിംഗ്സുകൾക്ക് തകരാറു വരുത്തുകയാണെങ്കിൽ തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിൽ നിന്നും ക്ലിയറൻസ് ലഭ്യമായതിനു ശേഷം ടി യാൾക്കെതിരെ കരാറുകാരന് സിവിൽ / ക്രിമിനൽ നിയമമനുസരിച്ച് കേസ് / നടപടികൾ സ്വീകരിക്കാവുന്നതാണ്.

ഐ) തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ / കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് എന്നിവ വഴി നൽകപ്പെടുന്ന എല്ലാ വസ്തുക്കളുടെയും പൂർണ്ണ ഉത്തരവാദിത്വം കരാറുകാരനായിരിക്കും.

ജെ) കരാർ പണികളുടെ പ്രവർത്തനരാഹിത്യം മൂലമോ കരാറുകാരനോ അയാളുടെ ജീവനക്കാരോ ശരിയായ രീതിയിൽ അറ്റകുറ്റ പണികൾ നടത്താത്തതു മൂലമോ ഏതെങ്കിലും ആൾക്ക് ഉണ്ടായേക്കാവുന്ന മരണം/ മുറിവുകൾ /വസ്തു വകകൾക്കുണ്ടാകുന്ന നാശ നഷ്ടങ്ങൾ മുതലായ ഏത് അപകടങ്ങൾക്കും നഷ്ടപരിഹാരം നൽകാൻ കരാറുകാരൻ ബാധ്യസ്ഥനാണ്. തെരുവുവിളക്കുകളുടെ

അറ്റകുറ്റ പണികൾ നടത്തുമ്പോൾ ഉണ്ടായേക്കാവുന്ന അപകടങ്ങൾക്ക് നഷ്ട പരിഹാര തുക നൽകുന്നതു സംബന്ധിച്ച് പ്രത്യേകം കരാറിൽ ഏർപ്പെടേണ്ടതാണ്. തന്റെ ജോലിക്കാർക്ക് എല്ലാ അപകടങ്ങളിൽ നിന്നുമുള്ള സുരക്ഷ ഉറപ്പാക്കുവാൻ കരാറുകാരൻ ബാധ്യസ്ഥനാണ്.

കെ) തെരുവു വിളക്കുകളുടെ അറ്റകുറ്റ പണികൾ നടക്കുമ്പോൾ അതത് തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിനും കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിനും ഉണ്ടായേക്കാവുന്ന സാമ്പത്തിക നഷ്ടങ്ങൾക്കും കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന്റെ വസ്തുവകകൾക്കുളവായേക്കാവുന്ന തകരാറുകൾക്കും വൈദ്യുതി തടസ്സത്തിനും ഉത്തരവാദി കരാറുകാരൻ മാത്രമായിരിക്കും.

4. തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ ബാധ്യതകളും അവകാശങ്ങളും

എ) കരാറിലെ വ്യവസ്ഥകൾ ലംഘിക്കപ്പെട്ടുവെന്ന് ബോധ്യപ്പെട്ടാൽ ഏഴു ദിവസത്തെ മുൻകൂർ നോട്ടീസ് നൽകിയതിനു ശേഷം കരാർ റദ്ദാക്കുവാൻ തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന് അധികാരമുണ്ടായിരിക്കും.

ബി) സർക്കാരിന്റേയോ കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോഠിന്റേയോ വസ്തുവകകൾക്കുണ്ടാകുന്ന തകരാറുകൾ മൂലം ഉളവാകുന്ന നഷ്ടം സെക്യൂരിറ്റി ഡിപ്പോസിറ്റിൽ നിന്നും വസൂലാക്കുന്നതിന് തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന് അധികാരം ഉണ്ടായിരിക്കുന്നതാണ്. സെക്യൂരിറ്റി ഡിപ്പോസിറ്റിലുള്ള തുക ഇതിന് പര്യാപ്തമാകുന്നില്ലായെങ്കിൽ ടി തുക കരാറുകാരന്റെ വസ്തു വകകളിൽ നിന്നും ഈടാക്കാൻ തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന് അധികാരമുണ്ടായിരിക്കും.

സി) തെരുവു വിളക്കുകളുടെ പരിപാലനവുമായി ബന്ധപ്പെട്ട ഏത് തകരാറുകൾക്കും/ അപകടങ്ങൾക്കും തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന് യാതൊരു വിധ ഉത്തരവാദിത്വവും ഉണ്ടായിരിക്കുന്നതല്ല.

ഡി) മീറ്ററിംഗ് സമ്പ്രദായമുൾപ്പടെയുള്ള തെരുവുവിളക്കുകളുടെ പരിപാലനവുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ, തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിലെ അധികാരിക്ക് എല്ലാ സമയത്തും പരിശോധന നടത്തുവാൻ കരാറുകാരൻ അനുമതി / സഹായം നൽകേണ്ടതാണ്.

5. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന്റെ ബാധ്യതകളും അവകാശങ്ങളും

എ) തെരുവു വിളക്കുകളുടെ അറ്റകുറ്റപ്പണികൾ നടക്കുമ്പോൾ ബന്ധപ്പെട്ട ശാഖയിലെയോ സെക്ഷനിലേയോ ഫ്യൂസിനൊപ്പം തന്നെ മീറ്ററിംഗ് & കൺട്രോൾകിയോസ്കിലെയും ഫ്യൂസുകൾ എടുത്തു മാറ്റിയിട്ടുണ്ടോയെന്ന കാര്യം കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ഉറപ്പു വരുത്തേണ്ടതാണ്.

ബി) കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന്റെ വിതരണ ശൃംഖലയിൽ ഉൾപ്പെടുന്ന ഊർജ്ജദായക മീറ്ററുകൾ, CTs, ഇലക്ട്രിക് പോളുകൾ തെരുവുകളിൽ മുകളിലൂടെ വലിച്ചിരിക്കുന്ന ഇലക്ട്രിക് ലൈനുകൾ എന്നിവയുടെ പരിപാലനം കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിൽ നിക്ഷിപ്തമായിരിക്കും.

സി) മീറ്ററിംഗ് ഉപകരണങ്ങളുടെ സീൽ പൊട്ടിക്കുവാനുള്ള അധികാരം അതത് ഇലക്ട്രിക് സെക്ഷനിലെ അസിസ്റ്റന്റ് എഞ്ചിനീയറുടെ ചുമതലപ്പെടുത്തിയ അംഗീകാരപ്രകാരമുള്ള ഉദ്യോഗസ്ഥനായിരിക്കണം നിർവ്വഹിക്കേണ്ടത്.

ഡി) കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന്റെ നിയന്ത്രണ പരിധിക്കപ്പുറമുള്ള ഏതൊരു തകരാറുകൾ / അപകടങ്ങൾ എന്നിവയ്ക്ക് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ഉത്തരവാദിയായിരിക്കുന്നതല്ല.

ഇ) തെരുവു വിളക്കുകൾ കത്തിപ്പോകുന്നതിന് കാരണമാകുന്ന ഏത് തടസ്സങ്ങൾക്കും / ഇടപെടലുകൾക്കും കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ഉത്തരവാദിയായിരിക്കുന്നതല്ല.

എഫ്) തെരുവു വിളക്കുകളുടെ അറ്റകുറ്റ പണികൾക്കായി പവർ ഷട്ട് ഡൗൺ ചെയ്യുന്നതുമായി ബന്ധപ്പെട്ട നിർവ്വഹണ നിയന്ത്രണ മാനദണ്ഡങ്ങളുടെ പരാജയത്തിന് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ഉത്തരവാദി ആയിരിക്കുന്നതല്ല.

ജയിംസ് വർഗ്ഗീസ്,
പ്രിൻസിപ്പൽ സെക്രട്ടറി

1. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
2. നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
3. കമ്മീഷണർ ഓഫ് റൂറൽ ഡവലപ്പ്മെന്റ്, തിരുവനന്തപുരം.
4. ചെയർമാൻ, വൈദ്യുതിബോർഡ്.
5. മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്, തിരുവനന്തപുരം.
6. ഡയറക്ടർ, കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ, തൃശ്ശൂർ.
7. എക്സിക്യൂട്ടീവ് ഡയറക്ടർ & ചെയർമാൻ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
8. ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം.
9. ഓഫീസ് കോപ്പി / കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്: -

1. തദ്ദേശ സ്വയം ഭരണവും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.
2. വ്യവസായം, ഇൻഫർമേഷൻ ടെക്നോളജി & നഗരകാര്യ വകുപ്പു മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.
3. ഗ്രാമവികസനം, പ്ലാനിംഗ് & കൾച്ചറൽ വകുപ്പു മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.
4. തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ ഓഫീസ്.
5. തദ്ദേശ സ്വയം ഭരണ വകുപ്പ് സെക്രട്ടറിയുടെ ഓഫീസ്.
6. തദ്ദേശ സ്വയം ഭരണ വകുപ്പ് ഡിഎ/ഡിബി/ഡി.ഡി/ഡി.സി/എഫ്.എം. സെക്ഷനുകൾക്ക്.